**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1570** **05-07-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കർഷക ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനുമായാണ് കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. കർഷക ക്ഷേമ നിധിയിൽ അംഗങ്ങളെ ഓൺലൈനായി ചേർത്ത് വരുന്നു. |
| (ബി) | ബോർഡ് കർഷകർക്ക് നൽകുന്ന സേവനങ്ങളുടെ വിശദ വിവരം ലഭ്യമാക്കാമോ? | (ബി) | ബോർഡ് മുഖേന കർഷകർക്ക് താഴെ പറയുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.<br><br>1. അറുപത് വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.<br><br>2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശിക ഇല്ലാതെ അടച്ച ശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷൻ.<br><br>3. അനാരോഗ്യ ആനുകൂല്യം: പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.<br><br>4. അവശത ആനുകൂല്യം: രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉള്ളവർക്കാണ് അവശത ആനുകൂല്യം.<br><br>5. ചികിത്സാ സഹായം: ബോർഡ് നിശ്ചയിക്കുന്ന ഇൻഷുറൻസ് പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭ്യമാക്കുന്നതാണ്.<br><br>6. വിവാഹ, പ്രസവാനുകൂല്യം: ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം. |

| | | | |
|---|---|---|---|
| | | | 7. വിദ്യാഭ്യാസ ധനസഹായം: ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവകലാശാലകളിലെ പഠനത്തിന് സഹായം.<br><br>8. മരണാനന്തര ആനുകൂല്യം |

സെക്ഷൻ ഓഫീസർ